**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4725** **19-03-2025 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ നഗരസഭ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടക്കൽ നഗരസഭ കുടിവെള്ള പദ്ധതിയുടെ ഭാഗമായ ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം, ഗാർഹിക കണക്ഷനുകൾ നൽകൽ, പൈപ്പ് ലൈൻ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾക്കായി തയ്യാറാക്കിയ 132.65 കോടി രൂപയുടെ പ്രൊപ്പോസൽ നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | നബാർഡിൽ ഗ്രാമീണ മേഖലയിൽ വിഭാവനം ചെയ്യുന്ന പദ്ധതികളാണ് ഉൾപ്പെടുത്തുന്നത്. അതിനാൽ പ്രസ്തുത പദ്ധതി നബാർഡിൽ ഉൾപ്പെടുത്താൻ സാധിക്കുന്നതല്ല. |
| (ബി) | പ്രസ്തുത പ്രൊപ്പോസൽ നബാർഡിന്റെ പദ്ധതിയിലോ മറ്റേതെങ്കിലും പദ്ധതികളിലോ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | കോട്ടക്കൽ നഗരസഭ കുടിവെള്ള പദ്ധതിയുടെ ഭാഗമായി 132.65 കോടിയുടെ പ്രൊപ്പോസൽ 2022-23 ൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നതിന് സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം ഭരണാനുമതി നല്കുവാൻ കഴിഞ്ഞില്ല. |

സെക്ഷൻ ഓഫീസർ